**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2701** **22-01-2021 - ൽ മറുപടിയ്ക്ക്**

**മൊയ്യാരത്ത് ശങ്കരൻ ചരിത്രഗാലറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. എൻ. ഷംസീർ | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | 2018-19 സാമ്പത്തിക വർഷം ബജറ്റിൽ അനുവദിച്ച മൊയ്യാരത്ത് ശങ്കരൻ ചരിത്രഗാലറി, തെയ്യം കലാ അക്കാദമി എന്നീ പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; ആയതിന് ഭരണാനുമതി ലഭ്യമായോ; ഇല്ലെങ്കിൽ അടിയന്തരമായി ഈ പ്രവൃത്തികൾകൾക്ക് ഭരണാനുമതി ലഭ്യമാക്കി പദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എ) | 2018-19 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ്സിൽ തെയ്യംകലാ അക്കാദമി, മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറി എന്നീ പ്രവൃത്തികൾക്കായി യഥാക്രമം 25 ലക്ഷം രൂപ 50 ലക്ഷം രൂപ എന്നിങ്ങനെ വകയിരുത്തിയിരുന്നു. തെയ്യം കലാ അക്കാദമിയുടെ താത്ക്കാലിക ഓഫീസ് നിട്ടൂമ്പ്രം മുത്തപ്പൻ മഠപ്പുരയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ ആരംഭിക്കുന്നതിനായി 25 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ചൊക്ലി ഗ്രാമപഞ്ചായത്ത് 09/11/2020ൽ സമർപ്പിച്ചിരുന്നു. എന്നാൽ സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പ്രസ്തുത പ്രൊപ്പോസലിന് അനുമതി നൽകാൻ കഴിഞ്ഞിട്ടില്ല. സ്വന്തമായി സ്ഥലവും അടിസ്ഥാന സൗകര്യവും ഒരുക്കി വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറി സ്ഥാപിക്കുന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ